**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 181** **04-10-2021 - ൽ മറുപടിയ്ക്ക്**

**പുളിങ്കുന്ന്സർക്കാർ ആശുപത്രി നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ ഏറ്റവും കൂടുതൽ ആളുകൾ ചികിത്സക്കായി ആശ്രയിക്കുന്ന പുളിങ്കുന്ന് സർക്കാർ ആശുപത്രി നവീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) | ജി.ഒ (ആർ.ടി) നം. 2000/ 2019/ എച്ച് &എഫ്. ഡബ്ല്യൂഡി, തീയതി 15/08/2019 ഉത്തരവ് പ്രകാരം പുളിങ്കുന്ന് താലൂക്ക് ആസ്ഥാന ആശുപത്രി വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബഹുനില കെട്ടിടം, അത്യാധുനിക മെഡിക്കൽ ഉപകരണങ്ങൾ എന്നിവയ്ക്കായി 144.06 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് |
| (ബി) | പ്രസ്തുത നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | (ബി) | പുതിയ ബഹുനില കെട്ടിടം പണികഴിപ്പിക്കുന്ന നിർമ്മാണ സ്ഥലത്തെ അടിയന്തിരമായി നിലനിർത്തേണ്ടവ ഒഴിവാക്കി ബാക്കിയുള്ള കെട്ടിടങ്ങൾ പൊളിച്ചു നീക്കി സൈറ്റ് ബന്ധപ്പെട്ട എസ്.പി.വി. ആയ M/s. Inkel Limited ന് കൈമാറുന്നതിന് തയ്യാറായിവരുന്നു. ടി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലം (സർവ്വേ നം.223/3-ൽ പ്പെട്ട 68.73 ആർ) പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോന പള്ളിയുടെ പേരിലാണ്. ഈ ഭൂമി ആശുപത്രിയുടെ പേരിലേക്ക് മാറ്റാൻ ബന്ധപ്പെട്ട പള്ളി അധികൃതർ നൽകിയ സമ്മതപത്രം പ്രകാരം തുടർ നടപടികൾക്കായി ആർ.ഡി.ഒ-യ്ക്ക് നൽകിയിട്ടുണ്ട്. |
| (സി) | പുളിങ്കുന്ന് സർക്കാർ ആശുപത്രിയിൽ ആധുനിക ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ? | (സി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ബഹുനില കെട്ടിടം പണി പൂർത്തിയാകുന്ന മുറയ്ക്ക് ആധുനിക ചികിത്സാ സൗകര്യം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ 73 സ്ഥിരം ജീവനക്കാർ, 30 താൽക്കാലിക ജീവനക്കാർ (HMC-3, NHM-26, RSBY-1) എന്നിങ്ങനെയാണ് ആശുപത്രി ജീവനക്കാർ. കൂടാതെ സർക്കാർ ഉത്തരവ് (കൈ) നം.168/2021/ ആ.കു.വ. തീയതി 22/09/2021 പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ സ്റ്റാഫ് നേഴ്സ് - 1, ക്ലാർക്ക് - 1 എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ